

# The Ideal

## H. H. POPE PIUS XII

***Sodalist Number one and the 17th Sodalist Pope***



He was enrolled as a Sodalist on 13th Dec. 1894, at the Capranica College, in Rome. No. 298 was his roll number

# THE IDEAL

## CONTENTS


| | | PAGE |
|---|---|---|
| 1 | Preface .... .... .... .... .... .... .... .... | II |
| 2 | Pope Pius XII on Sodality .... .... .... .... .... .... | 1 |
| 3 | Director's page .... .... .... .... .... .... .... .... | 3 |
| 4 | Message from previous Director .... .... .... .... .... | 4 |
| 5 | പത്രാധിപ വീഥി .... .... .... .... .... .... .... .... | 5 |
| 6 | Prefect's page .... .... .... .... .... .... .... | 6 |
| 7 | A Brief History of Marian Sodality .... .... .... .. | 7 |
| 8 | A Brief History of S. H. College Sodality .... .... .. | 8 |
| 9 | അച്ഛന .... .... *P. K. Devassia* .... .... .... .... | 10 |
| 10 | Office-bearers, past & present S H.C. Sodality. 11, 12, 14, 31, 35, | 48. |
| 11 | ഫാത്തിമാ സന്ദേശം *J. Panjikaran. IV U C* .... .... .... | 14 |
| 12 | യുവ യോഗ് *T. J. Varghese, III B. Sc* .... .... | 18 |
| 13 | Good will *T. C Antony, B Sc.* .... .... .... | 22 |
| 14 | അൾത്താരയിലെ കുസുമങ്ങളോട്" *K V Thomas* .... .... .... | 2[illegible] |
| 15 | ക്രൈസ്തവാദം. *K. T. Antony. IV U. C.* .... .... .... | 25 |
| 16 | ആ താരാട്ട് (ചെറുകഥ) *C. A Vakkicha II U. C.* .. .... | 26 |
| 17 | Sodalists and World peace *P. M. Ittyavirah. II U. C.* .... | 29 |
| 18 | O Sweet Thevara *V. Jose Vazhappilly, B. Com.* .... .... | 32 |
| 19 | സ്വാതന്ത്ര്യഭാരതത്തിൽ മതസ്വാതന്ത്ര്യത്തിന്റെ ഗതി *T. J. Mathai, II U. C.* | 33 |
| 20 | പ്രേമസാക്ഷാത്കാരം *K. S. Devassia, B. A.* .... .... .... | 36 |
| 21 | Office-bearers 1949--50. .... .... .... 37, | 48 |
| 22 | S. H. College Sodality Report .... .... .... .... | 38 |
| 23 | S. H. High School Sodalists, 1949—1950. .... .... .... | 41 |
| 24 | S H H School Sodality Report .... .... .... .... .... | 42 |
| 25 | Sodality News: Mannanam, Palai. Athirampuzha. .... .... | 43 |
| 26 | Advertisements: Bharat Studio Jayabharatham .... .... .... | 45 |
| | Royal Studio, The Federal Bank, The Premier | |
| Cover back: | Studio, Palai Central Bank, Gervas John. .... | 46 |


*Best wishes for a glorious Easter and Every Success in the exam.*

*J. Marcel T. O. C. D.*

SACRED HEART COLLEGE THEVARA * SODALITY

# PREFACE

We are indeed glad to publish in print THE IDEAL, a Manuscript 'Occasional'. The Ideal is published by the Literary and Mission Section of the Sacred Heart College Sodality, Thevara. This "Occasional" was born three years ago, on 21-9-1947. The Ideal is indebted in no small measure to Sri K. T. Jose, B. A., its first Editor. For the second year the Occasional had as its Editor Sri K. P. Cherian. Sri Cherian continues to be the Editor for this year too. His Associate Sri P. K. Devassia equally able and talented was very enthusiastic to see the Ideal published. At the very start we had cherished the idea of printing the Ideal. Thanks to the enterprising Editors–it is now materialized.

We do not boast of the merits of this Occasional. But we are really glad to present to all those who are interested in the Sodality a copy each of the Ideal.

Our joy is doubled on account of the fact that we are publishing this in the Holy Year. While commemorating the Holy Year with this humble Volume of the Ideal, let us draw our attention to the aims of the Holy Year. The Holy Father himself in his autograph has stated what these aims are:–

1) The sanctification of souls by means of prayer and penance, and the unswerving fidelity to Christ and His Church.

2) Immediate Action for the peace and safety of the Holy Land

3) To be in readiness for the defence of the Church against the renewed attacks of Her enemies and to keep praying for the gift of the true faith for those that have erred, for the infidels and for the Godless.

The Holy Father addressing his loving children throughout the length and breadth of the whole world. says–"Let all co-operate to establish a true social justice by means of all kinds of undertakings on behalf of the poor and the needy."

Let us put forth all our resources, spiritual and temporal. for achieving these noble and sacred aims of the Holy Year. Intense catholic life is a sine qua non for every Sodalist. Through prayer, penance and an exemplary life let us strive hard to make this year really a Holy Year for ourselves and for all those with whom we are associated.

Our sincere thanks to all those who have helped us in any way

We gratefully dedicate this humble publication to Our LADY OF FATIMA.

We offer the same to HIS HOLINESS POPE PIUS XII, OUR BROTHER SODALIST.

*J. Marcel T. O. C. D.*

# THE IDEAL

## S. H. College Sodality MS. 'Occasional'

(PRINTED)

MARCH 1950

Vol. III EDITORS: K. P. CHERIAN, IV B. A., P. K. DEVASIA, III B. A., No. 3

POPE PIUS XII



ON SODALITY

"The present time demands Catholics without fear, to whom it is a thing supremely natural to confess their faith openly in word and in deed every time the law of God and regard for Christian honour demand it".

"To form such men and such Catholics has always been the scope of well-

ordered and active Sodalities". — *Pius XII on His 50th anniversary.*

"Sodalists of Our Lady are worthy to be numbered among the chief promoters of Catholic Action".

"The Sodalities of Our Lady lack no characteristic element of Catholic Action".

"The Sodalities of Our Lady are entitled to be called with the fullest right Catholic Action under the auspices and inspiration of the Blessed Virgin Mary".

"The Sodalities answer fully to the present day needs of the Church".

"The Sodalities of Our Lady are to be considered of equal standing with other organizations dedicated to the Apostolate whether they are working with these or with the central organization of Catholic Action. Moreover . . . it is not required that each Sodalist should also become a member of some other organization".

We fully realize that not only in the past, to use the words of Benedict XIV in the Golden Bull "What utility has been derived from this praise-worthy and pious organization for men in every walk of Life"; but also with what zeal and energy these serried ranks of Our Lady following closely in the footsteps of their rules are seeking, under the leadership and guidance of the ecclesiastical Hierarchy, the first place for themselves in undertaking and ever promoting works for the greater glory of God and for the good of souls. Indeed in propagating, spreading, and defending Catholic doctrine they must be considered among the most powerful spiritual forces; and that for several reasons".

*Pius XII 'Bis Saeculari'.*

## Ideals-purposes of Sodality

"To apply ourself seriously to Sanctity, each in his proper state; to dedicate ourself, not in any manner whatsover, but with ardour, in the measure and manner compatible with each one's social condition to the salvation and perfection of others; in a word to employ ourself strenuously in the defence of the church of Christ; Such is the assignment of the Sodality, freely, resolutely accepted in the act of his consecration; such is the magnificent programme traced out for him by the rules". *P. Pius XII.*

"In these ceaseless struggles generosity and courage, piety and humility, infatigable constancy are indispensable prespositions in every Sodality". *P. Pius XII.*

"We feel confident that you will know how to bear worthily the burden of so glorious a heritage. We should wish rather to affirm that the model of a Catholic, which the Sodality has set itself from its beginning to form, has perhaps never corresponded to the needs and contingencies of any time as today, and that no time perhaps has needed it so urgently as ours". *P. Pius XII.*

---

1948 is a memorable year for us. For it was in 1948, September 27th that H. Holiness Pope Pius XII blessed the Sodalists of the entire world with a glorious document 'The Apostolic Constitution 'Bis Saeculari'. As some one has already remarked 'Bis Saeculari' will be for the Marian Sodalists, what the encyclical 'Rerum Novarum' is for the proletariate. His Holiness' Birthday, day of election as the Pope and His coronation as the Supreme Pontiff are celebrated on this month of March.

On this occasion we the Sodalists pay our profound respects, love, and filial homage to our Father in Christ—who is also our Brother Sodalist.

Popu Rajan Ki-Jai. (*Editor.*)

# DIRECTOR'S PAGE



**'Ideal'** ഇതിന്റെ അർത്ഥം ആദർശമെന്നാണല്ലോ. സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പരിപൂർണ്ണരാകുന്നതിന് പരിശ്രമിക്കയും ഇതരന്മാരെ പ്രേരിപ്പിക്കയുമാണ് ഒരു മരിയസഖ്യൈതാംഗത്തിന്റെ 'ആദർശം'. മരിയഭക്തിയാകുന്ന അമൃതം ധാരാളമായി ആസ്വദിക്കുകയും ഉദാരമായി മററുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ട് ഈ ആദർശം നമുക്കും പുലർത്തിക്കൊണ്ടുപോകാം. ഇതിന് **'Ideal'** നമ്മെ സഹായിക്കട്ടെ. ഗ്രന്ഥത്തിനും ഗ്രന്ഥകർത്താക്കൾക്കും സർവ്വ വിജയവും ഞാൻ ആശംസിക്കുന്നു. കേരളക്കരയിലുള്ള മരിയസഖ്യങ്ങളുടെയെല്ലാം ഔദ്യോഗികമാസികയായിത്തീരട്ടെ ഈ പ്രസിദ്ധീകരണം.

ഫാദർ ക്ലമൻറ് ടി ഒ. സി. ഡി., പ്രിയോർ.

# MESSAGE FROM OUR PREVIOUS DIRECTOR



Thank you for your welcome letter. I am so pleased to learn that your sodality of the Bl. Virgin Mary, with which I had the singular honour and privilege of being connected, is progressing. While I was with you I used to watch with immense delight your efforts at aiding foreign missions and exercising corporal works of mercy. It is indeed a matter of gratification that you propose to enter other fields of fruitful activity, through your sodality.

I learn with no small pleasure that you intend publishing the Ideal. At this time when every one, including students themselves, feels the necessity for a real awakening in the spiritual atmosphere of our colleges and schools your move to publish your "IDEAL" is but an ideal thing. May your Sodality and proposed magazine ably contribute its share to bring about a spiritual renaissance in our student population. I wish the magazine and its sponsors every success. May the S. Heart of Jesus and His ever Immaculate Mother bless you all.

*To*

**The Editor**
**IDEAL**

Yours Affely. in O. Lord.

*Francis Sales T. O. C. D.*

# പത്രാധിപവീഥി

പുരോഗമനത്തിന്റെ പേരിൽ ആദർശങ്ങളുടെ കഴുത്തു ഞെരിച്ച് മനുഷ്യനെ കേവലം ഭൗതികവാദിയാക്കിത്തീർക്കുന്നതിലാണ് ഇന്നത്തെ ചില സാഹിത്യപ്രസ്ഥാനങ്ങൾ വ്യാപൃതമായിരിക്കുന്നത്. അവരുടെ ദൃഷ്ടിയിൽ ദൈവം ഒരു സാങ്കല്പികസൃഷ്ടിയാണ്; മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്; സാന്മാർഗ്ഗികതത്വങ്ങൾ പുരോഗതിയെ വിഘ്നപ്പെടുത്തുന്ന കൽമതിലുകളാണ്. മനുഷ്യനിൽ സ്വാഭാവികമായുള്ള മൃഗീയവികാരങ്ങളെ ഉത്തേജിപ്പിക്കുവാൻ പര്യാപ്തമായ ഇത്തരം അധമസാഹിത്യത്തിന് ഇന്ന് അനഭിലഷണീയമായ പ്രചാരവും സിദ്ധിച്ചിട്ടുണ്ട്.

ആദർശത്തിൽ അധിഷ്ഠിതവും മനുഷ്യനെ സന്മാർഗ്ഗനിരതനാക്കുവാൻ പ്രേരകവുമായ ഒരു സാഹിത്യപ്രസ്ഥാനം ഉടലെടുക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികളിൽ ലീനമായിക്കിടക്കുന്ന സാഹിത്യവാസനയെ പ്രോത്സാഹിപ്പിക്കുന്നതിനാണ് തേവര കലാലയ മരിയസഖ്യതയുടെ ആഭിമുഖ്യത്തിൽ ഒരു കൈയ്യെഴുത്തു പ്രസിദ്ധീകരണം ആരംഭിച്ചത്. 'Ideal' ന്റെ ആവിർഭാവത്തോടുകൂടി പല കൈയ്യെഴുത്തു മാസികകളും ഇവിടത്തെ ഹോസ്റ്റലുകളിൽ പ്രസിദ്ധീകരിക്കുവാൻ ഇടയായി എന്ന വസ്തുതതന്നെ ഇതിന്റെ വിജയത്തെ ചൂണ്ടിക്കാണിക്കുന്നു.

1946—ലാണ് Ideal ആരംഭിച്ചത്. ഇതിനകം എട്ട് ലക്കങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. എന്നാൽ ഇത് അച്ചടിക്കണം എന്നുള്ള ആഗ്രഹം ഇപ്പോൾമാത്രമാണ് ഫലപ്രാപ്തിയിലെത്തിയത്. ജൂബിലിവർഷം കൊണ്ടാടുന്ന ഈ അവസരത്തിൽതന്നെ ഇതു പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. മരിയസഖ്യങ്ങളുടെ പ്രവർത്തനം ക്രോഡീകരിക്കുന്ന ഒരു പ്രസിദ്ധീകരണമായിരിക്കണം ഇതു എന്നാണ് ഞങ്ങളുടെ ആഗ്രഹം. എല്ലാ മരിയസഖ്യങ്ങളും ഇത്തരം കൈയ്യെഴുത്തു പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചുകാണുവാനുള്ള ഞങ്ങളുടെ ആഗ്രഹത്തേയും ഇവിടെ പ്രകടമാക്കിക്കൊള്ളട്ടെ.

ഞങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന അഭ്യുദയകാംക്ഷികളോടു ഞങ്ങൾക്കുള്ള കൃതജ്ഞത പ്രകാശിപ്പിക്കുവാനും ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. ഞങ്ങളുടെ ഡയറക്ടറും Ideal ന്റെ രക്ഷാധികാരിയുമായ പെ: ബ: ക്ലമൻസച്ചനോടു ഞങ്ങൾക്കുള്ള കൃതജ്ഞത നിസ്സീമമാണ്. അണിയറക്കുള്ളിൽനിന്ന് ഈ പ്രസിദ്ധീകരണത്തിന്റെ സൂത്രധാരത്വം വഹിക്കുന്ന ബ: മാഴ്സലച്ചനോടും, ബ: സ്റ്റൻസ്ലാവോസച്ചനോടും ഞങ്ങൾക്കുള്ള കടപ്പാട് അളവററതാണ്. മി: പി. കെ. ദേവസ്യായുടെ പരിശ്രമശീലവും പ്രവർത്തനധീരതയുമാണ്, സ്വാഭാവികമായ പല പ്രതിബന്ധങ്ങളേയും അതിജീവിപ്പിച്ച്, ഇത് ഇത്തരത്തിൽ പ്രസിദ്ധീകരിക്കുവാൻ ഇടയാക്കിയത്. കൃതജ്ഞത എന്നതിനേക്കാൾ അനുമോദനമാണ് ഞാൻ എന്റെ സ്നേഹിതനു നൽകുന്നത്.

ഇതിന്റെ മുദ്രണം ഏററം ഭംഗിയായി നിർവ്വഹിച്ച ചെറുപുഷ്പമുദ്രാലയമാണ് ഞങ്ങളുടെ കൃതജ്ഞതയെ ഇനി ഏററവുമധികം അർഹിക്കുന്നത്. ഇതിന്റെ വിജയത്തിനുവേണ്ടി പരിശ്രമിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നതോടുകൂടിത്തന്നെ ഏവരുടേയും അകമഴിഞ്ഞ പ്രോത്സാഹനങ്ങൾ ഇനിയും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**K. P. Cherian**
*President*
**Literary and mission Club**
S. H. C. SODALITY
*Thevara.*



(2)

# PREFECT'S PAGE



*My dear Sodalists,*

It is with mixed feelings of joy and gratitude that I am placing these few words before you. It is indeed a pleasant duty on my part to express our sincere thanks to Very. Rev. Fr. Prior, Rev. Fr. Principal and Rev. Fr. Marcel for their kind services for our Sodality. Let me avail myself of this opportunity to express my thanks also to each and every member of our Sodality especially to the office-bears who have contributed much for the success of our Sodality activities. As you all know we have got four clubs, 'Literary and Mission, Social Service, Sanctuary and Choir. This year all these clubs have done much service. This was due to the co-operation from our Sodality members.

We are the loving children of Mary and so we must try to fulfil the wishes of our Mother. Our Mother when appeared to the three children at Fatima, asked them to pray, to recite Rosary and to do penance. Let these wishes of our Mother be in our minds and as far as possible, let us try to practise them. We must show good example to others. We had to undergo so many difficulties to lead a good life. Let us face all situations, placing our hopes in Mary our Divine mother. No doubt we will be rewarded for our good deeds and sufferings.

Let us try to live as the loving children of Mary. May our Mother shower her blessings over us abundantly. Once more I thank you all. My best wishes to you all for the success in the examinations and in future life.

*Yours very Sincerely*

*N. M. SCARIA*

*Prefect*

S. H. COLLEGE SODALITY,

*THEVARA.*

—X—

# A BRIEF HISTOSY OF MARIAN SODALITY

The history of the Sodality is one of which every Sodalist can be deeply proud.

The Sodality of Our Lady was started on the 24th March, 1563 by a young Jesuit, John Leunis, who was teaching one of the younger classes in the Jesuit College in Rome. Young Leunis with a selected group of his pupils gathered around the altar of the Blessed Virgin in the Roman College and sketched a simple programme that appeared to fit precisely into the needs of the day. The young Jesuit teacher determined that men should love Mary with a deep devotion and honour and protect womankind because they were the daughters of the Immculate Virgin.

Fr. Leunis with the wisdom of the very young knew that personal devotion to Mary and even the highest type of intelligence would in themselves be not enough. They must be active Catholics, militant Catholics, Catholics whose deeds of charity and of zeal and of service would mark them as followers of the social Christ.

Little is known about Leunis, beyond the fact that with something approaching genius he hit on a great fundamental idea, and within a matter of a decade his Sodality had, with the growth of the Jesuit educational system, spread across the whole of Europe.

In a surprisingly short time, by 1577, the Pope acknowledged the existence of the Sodality in the Roman College and granted a list of special indulgences. This Sodality in the Roman College was made the Mother Sodality for all she world and was given the title Prima Primaria. To this Sodality which exists to the present day, the Sodalities throughout the entire world are affiliated. Its indulgences and privileges are, by Papal decree, communicated even to the smallest Sodality in the most obscure little chapel in the world.

Things moved fast for the Sodality in the early days, for the Popes were interested in this group of young men who were so belligerently Catholic in faith and practice that Pope Gregory XIII issued his bull "Omnipotentis Dei" and from that day the Sodality has been a Papally constituted society which aims at fostering in its members, men, women and children, an ardent devotion, reverence, and filial love towards the Blessed Virgin Mary. The Sodality is particularly proud of what is called the "Golden Bull", which was issued by Pope Benedict XIV. Normally these bulls were sealed in lead but on this occasion the seal was gold, as a tribute to the Mother of God, and to this society which was devoting itself so zealously to her.

Until 1823 the Sodality of Our Lady existed only in Jesuit houses and institutions. After that year by virtue of a special power granted to the Jesuit General, by Pope Leo XIII, Sodalities that existed in any church or chapel could upon request be affiliated with the Prima Primaria,

# A BRIEF HISTORY OF THE S. H. COLLEGE SODALITY

The Sodality of the B. V. Mary was started in our college on 8th Dec. 1944 on a modest scale. Hatched out by Very Rev. Fr. Francis Sales C. D., nursed by Rev. Fr. Joseph Hadrian C. D. and suckled by Rev. Fr. Marcel C. D., the infant institution begun with forty members six years ago, has grown into a full fledged offspring with 170 members under Very Rev. Fr. Clemens C. D. Very Rev. Francis Sales C. D. gave it part of his daring and initiative. Fr. Hadrian shared it a modicum of his characteristic industry and ingenuity. It has derived its comity and self effacing docility from Rev. Fr. Marcel. The modesty, humility and piety of Very Rev. Fr. Clemens at the top has percolated down on to every Sodalists.

Our register now boasts a total membership of 274 of whom several are gradutes and nearly a score are either missionaries or clerics. The Sodality has been of considerable help in maintaining a Catholic atmosphere in and around the college. They have by their example and precept been a source of inspiration to others. The activities of Sodalists are oriented in three main directions (1) Sacramental life and practice of Christian virtues (2) Literary and Mission work (3) Social Service.

Devotion of the first Saturday of the month is privately practised by many Sodalists. Daily routine of the Sodalists begins with the Holy Mass. Many Sodalists are daily Communicants too and there is in them a greater sprit of reparation, prayer, and penance than can be found in others. Many Sodalists assist in the holy Sacrifice of the Altar and consecrate their studies and endeavours to the most Sacred Heart of Jesus in reparation of the sins of the world; thus fulfilling the desire of our beloved Mother as was made known at Fatima. The feasts of the Immaculate Conception of B. V. Mary, St. Gabriel and the Kingship of Christ are celebrated splendidly by the Sodalists. On the Eve of the titular feast—Immaculate Conception of B. V. Mary—every year—a candle-light, procession is held. Novenas and triduum are conducted to obtain the special graces from our Mother and patron saint. The exemplary life of the venerable fathers here has given a stimulous to the Sodalists. Sodalists have always felt that in education character formation counts most and they have lived and worked accordingly.

We have always considered it a duty, a responsibility and a privilege to help the spreading of faith in this land of ours. There has been from the very beginning a keen mission spirit in our members. On all Mission Sundays we have conducted fancy sales and the funds realised were dispatched to indigent mission centres. This year, we joined our efforts with the members of the C. S. U. and a sum of Rs. 568/- was collected and sent to needy Missions. To encourage the literary aptitude of our members we have been publishing a manuscript 'occasional' "The Ideal" and it has been of valuable service. Every year we have been conducting both extra-ordinary and ordinary meetings. Distinguished personalities both clergy and laity have on such occasions addressed the Sodality. Ordinary meetings are conducted generally once in a month.

When Fr. Director speaks, Topics of catholic interest are discussed and studied. The inaugural meetings and anniversaries of the Sodality had been conducted during these years jointly with the C. S. U's.

The Sodalists have always felt that man does not live by bread alone nor by the spirit alone. So there was formed a social service club from the very beginning. Funds are raised by conducting Kathaprasamgas, variety entertainments and the like and then spent to alleviate the misery and sufferings of our unfortunate brethren. Occasionally members of the club visit the hospital and try to console and comfort the sick by kind words and sometimes, a little money here and there. They have visited the inmates of the Lourdupuram Destitute Home and entertained them with light refreshments.

Some Sodalits had in the past, spent their leisure hours in educating the waifs and strays in the locality. The boys were taught the three 'Rs' and the rudiments of morality.

Every year the Sodality organises an excursion trip to the great benefit of the memb ers.

We are happy that under Devine Providence, under Mary's care and protection we have stood stalwart against the forces of evil and more than anything we have grown.

On this occasion we lift up our hearts to the most Sacred Heart of Jesus and our Beloved Mother in a spirit of prayer and thanksgiving. We consecrate ourselves, whole and entire, in their service.

*P. M. Ittyavirah, II U. C.*
SECRETARY.

## THE PROPHESY

"IF PEOPLE ESTABLISH devotion to My Immaculate Heart, the war will end. If people continue to offend God, another and more terrible war will commence during the next Pontificate (World War II). If my requests are heard, Russia will be converted and there will be peace. Otherwise great errors will spread throughout the world, giving rise to wars and persecutions against the Church. The good will suffer much. Different nations will be destroyed, but in the end, My Immaculate Heart will triumph. The Holy Father will consecrate Russia to me. Russia will be converted and an era of peace will be granted to humanity".

# അർച്ചന

പി. കെ. ദേവസ്യ, III ബി. എ.

അന്ധകാരനിർഭരവും ശോകാത്മകവുമായ ഭൂമിയിലേക്കു സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും പേരിൽ പരിത്രാണനാർത്ഥം ഭൂജാതനായ യേശുക്രിസ്തുവിന്റെ പ്രിയമാതാവെന്ന അപരാഭിസംബോധനയാൽ അറിയപ്പെടുന്ന സ്ത്രീകുലമാണിക്യമേ! പെരുംപാതകളിൽക്കൂടെയും ഇടുക്കു കുറുക്കുവഴികളിൽക്കൂടെയും തേടിത്തേടി കിതച്ചു അങ്ങേ പാദസരോജത്തിങ്കൽ അണഞ്ഞുകൊള്ളുന്നു. മനുഷ്യരക്ഷാപൂർത്തികരണത്തിന് പങ്കുകാരിയാകുവാൻ— അതെ മനുഷ്യകുലത്തോടുള്ള അതീവസ്നേഹത്താൽ,— പീഡകൾ കൂടുതൽ സഹിച്ചു്, അങ്ങയെ പുത്രനേക്കാൾ, പുത്രപീഡയിൽ അധികം വ്യാകുലത അനുഭവിക്കുന്നതു അങ്ങാണെന്നു് ഞാൻ വിശ്വസിക്കട്ടെയോ. മനുഷ്യരാശിയെ തന്റെ മടിയിലേക്കു മാടിവിളിച്ചുകൊണ്ടു് മരക്കുരിശിൽ ക്ഷമയുടേയും സഹനത്തിന്റേയും ജീവകാരുണ്യത്തിന്റേയും സനാതനസന്ദേശങ്ങളെ ഉച്ചരിച്ചുകൊണ്ടു് തൂങ്ങിക്കിടക്കുന്ന നിന്റെ പ്രിയപുത്രന്റെ സന്ദേശവുമായി മർത്ത്യകുലത്തോട് ചേർന്നിരിക്കുന്ന അമ്മേ, അങ്ങിൽ എന്റെ അഭയം തേടട്ടെ! അങ്ങു എന്നെത്തേടി, എന്റെ അന്തരാത്മാവിൽ പ്രഭയും പ്രകാശവും തൂകുവാൻ, കൊടുങ്കാററടിച്ചുകൊണ്ടിരിക്കുന്ന അപാരമായ ആഴിയിലടിയാതെയിരിക്കുവാൻ ഇതാ—എന്റെ പിന്നാലെ നീട്ടിയ ഹസ്തങ്ങളുമായി പെററമ്മയേപ്പോലെ ...

നാഥേ അങ്ങേക്കു ഞാൻ ഒരു മണ്ഡപം നിർമ്മിച്ചുകൊള്ളട്ടെ. നിർമ്മലമായ ആകാശം അതിന്റെ മേൽപ്പുരയായിരിക്കട്ടെ. പച്ചിലപ്പടപ്പുകളിൽ പുതുപുഷ്പങ്ങൾ വിരിച്ചുനിൽക്കുന്ന സൌരഭ്യച്ചെടികൾ അടിത്തറയെ അലങ്കരിക്കട്ടെ. ആത്മാർത്ഥതകൊണ്ടു് നിർമ്മിച്ച ഒരു സിംഹാസനം അങ്ങയുടെ ഇരിപ്പിടമാകും. ഇടിമിന്നൽപ്രഭകൊണ്ടും മഴവില്ലിന്റെ ശോഭകൊണ്ടുമുള്ള ഒരു കിരീടം അങ്ങയുടെ ശിരസ്സിൽ പ്രതിഷ്ഠിക്കും. സുഗന്ധതൈലത്താൽ നനച്ച ഒരു വീരാളിപ്പട്ടിൽ അങ്ങയുടെ പാദങ്ങൾക്ക് സ്ഥാനം നൽകും. അവിടത്തെ പാദമുദ്രകളാൽ പുണ്യപ്പെടുന്ന ഭൂമിയിൽ നൂറനൂറായിരം നവചുംബനങ്ങൾ അർപ്പിക്കും.

അങ്ങയുടെ സമാഗമത്തെ പ്രതീക്ഷിച്ചുകൊണ്ടു് എന്റെ ആത്മാവ് അനന്തതയിൽ ലയിക്കുവാൻ വെമ്പൽകൊള്ളുന്നു. പിച്ചകപ്പൂവിന്റെ സൌരഭ്യം എന്നിൽ വീശുക. അങ്ങയുടെ സന്നിധാനത്തിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ മടിക്കരുതേ. ഏകലക്ഷ്യത്തോടെ ചിറകടിച്ച് ആനന്ദതുന്ദിലനായി അതിവേഗത്തിൽ പാറിപ്പറന്നു വരുമ്പോൾ ലക്ഷ്യത്തിൽനിന്നും വ്യതിചലിപ്പിക്കരുതേ. പശ്ചാത്താപത്താൽ ഇടറുന്ന ഹൃദയത്തിന് ഒരു നവോന്മേഷം നൽകി ചൈതന്യപൂർണ്ണമാക്കുക. പ്രതീക്ഷയാകുന്ന ദീപവുമേന്തി ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടു് നിന്റെ സ്തുതിഗീതകന്മാരിൽ ഒരാളാകട്ടെ. അനശ്വരവും വിശാലവുമായ സാമ്രാജ്യത്തിലെ ദ്വാരപാലകന്മാരിലൊരുവനായിട്ടെങ്കിലും എന്നെ ക്ഷണിക്കണമേ. ദാഹിച്ചുവലയുന്ന മാൻകിടാവിനെപ്പോലെ ദാഹശമനത്തിനായി ഞങ്ങൾ അടുക്കുന്നു. നീതിക്കായി നിന്റെ പുത്രൻ ഞങ്ങളെ വിളിക്കുമ്പോൾ കരുണയുടെയും അനുഗ്രഹത്തിന്റെയും തളിർത്തണ്ടുകൾ ഞങ്ങൾക്കായിത്തരിക.



*L. R. Sitting*:— (Rev.) M. M. Thomas, B. A.; Fr. Joseph Hadrian, T. O. C. D.; Fr. Prior (Director).; Fr. Marcel T. O. C. D.; A. V. Varkey, M. Sc.

*Standing*:— V. Geogre, B. Sc.; N. A. Xavier, M. D. Raphael, (Rev.) C. C. Chandy, (Rev.) K. S. Devasia, B. A.; J. J. Kandathil, B. Sc.

*Office-bearers of S. H. C. Sodality 1944,–45,–46.*

Mother of mercies day by day
My love for thee grows more and more.
Thy gifts are strewn upon my way
Like sands upon the great sea shore.
And oh, how can I love Thy Son,
Sweet mother, if I love Thee not."

# Sodalists Past and Present

## 1944–45.

1 N. A. Xavier *Prefect*
2 V. O. Paulose *Secretary*
3 (Rev.) M. M. Thomas, B. A.
4 „ C. C. Chandy
5 P. I. Joseph, III U. C.
6 K. J. James
7 M. M. Joseph, B. A.
8 (Rev.) P. M Ouseph
9 A. V. Varkey B. Sc., (M. Sc. Senior)
10 V. George, B. Sc.
11 K. P. Hormese
12 M. D. Raphael
13 J. John., B. Sc.
14 V. George, Vellathottam, B. Sc.
15 C. O. George, B. A.
16 V. Jose Vazhapally, B.Com.
17 Joseph J. Koikkara, B. Sc.
18 P M. Cyriac, B. A.
19 M. T. Tharian B. A., (M. A. Senior)
20 M. J. Ouseph, B. A.
21 P. J. Mathai
22 (Rev.) K. S. Devasia, B. A.
23 „ C. A. Ittoop
24 V. J. Chacko, B. Com.
25 N. J. Mathew B. Com.
26 M. V. Josep, B. Sc.
27 P. D. Varghese
28 P. K. Mathew B. Sc., (M.Sc. Junior)
29 J. P. Sebastain, B. A.
30 J. Xavier, B. Sc.
31 C. P. Xavier
32 K. T. Augustine, B. A.
33 V. Paulose
34 P. V. Anthonese B. A.
35 (Rev.) P. J. Antony
36 V. M. George
37 C. P. Jose

## 1945–46 *

38 M. M. Thomas *Prefect*
39 A. V. Varkey *Secretary*
40 (Rev.) C. V. Jose
41 K. T. Zacharias
42 K. V. Kuriakose
43 T. C. Antony, B. Sc.
44 T. K. Koshy, B. A.
45 P. K. Francis, B. A.
46 A. M. Mathew, B. A.
47 P. A. Ninan
48 K. V. Kuriakose Vellankunnel
49 K. A. John
50 K. O. Joseph B. A.
51 V. O. Joseph
52 K. P. Joseph, B. Sc.
53 M. A. Vareed, B. Sc.
54 M. A. Garvasis
55 M. C. Devassy
56 M. J. Thomas
57 M. V. Thomas
58 M. P. Joseph
59 J. A. Chacko, B. A.
60 P. J. Mathew, B. A,
61 T. P. Francis, B. A.

---

*N. B.* Junior students of the proceeding year will be members for the following year; hence their names are not repeated.



S. H. COLLEGE SODALISTS ALONG WITH C. S. U. MEMBERS

1944—45—46.

# ഫാത്തിമാ സന്ദേശം

പഞ്ഞിക്കാരൻ, ജെ. സീനിയർ ബി. എ.



ശതക്കണക്കിന് നിരീശ്വരന്മാരേയും ഭൗതികവാദികളേയും അല്പനിമിഷങ്ങൾക്കുള്ളിൽ ദൈവവിശ്വാസികളാക്കിത്തീർത്ത ഒരു മഹാസംഭവം ആണ് അന്ന് അവിടെ നടന്നത്. ലോകം അന്നുവരെ കണ്ടിട്ടില്ലാത്തതും, ആർക്കും അതുവരെ അനുഭവപ്പെട്ടിട്ടില്ലാത്തതും, എഴുപതിനായിരത്തിൽപ്പരം വരുന്ന കാണികളെ അത്ഭുതപരതന്ത്രരാക്കിയതുമായ ആ സംഭവം—സൂര്യഗോളത്തിന്റെ വിവിധ വർണ്ണങ്ങളെ ചിതറിച്ചുകൊണ്ടുള്ള അത്ഭുതഭ്രമണം,—ആ വലിയ ഗോളം ബ്രഹ്മാണ്ഡമായ ഒരു തീചക്രംപോലെ നിന്ന സ്ഥലത്തുതന്നെ നിന്നു ചുറ്റിയ കാഴ്ച വെറും യാദൃശ്ചികമായിരുന്നില്ല. അധഃപതനാവസ്ഥയിൽ എത്തിയിരിക്കുന്ന ലോകത്തെ സമുദ്ധരിക്കുന്നതിനായി, സമാധാനപുനഃസ്ഥാപനശ്രമത്തിൽ നിരാശരായി കഴിഞ്ഞുകൂടുന്ന ജനങ്ങൾക്ക്, സ്വർഗ്ഗലോകത്തുനിന്നും ആശ്വാസകരമായ ഒരു ദൗത്യവുംകൊണ്ട് ഭൂതലത്തിൽ ഫാത്തിമാ എന്ന സ്ഥലത്ത് ദിവ്യജനനി വന്നിരിക്കുന്നു എന്ന്, ആട്ടിടയരായ കുട്ടികൾ വഴിയായി അറിയിച്ച വാർത്തയെ സ്ഥിരീകരിക്കുന്നതിനായി ചെയ്ത ഒരു അത്ഭുതമായിരുന്നു അത്.

## ഫാത്തിമാ പ്രത്യക്ഷം

ലോകം അന്ന് യാതൊരു രക്ഷാമാർഗ്ഗവും കാണാതെ വിഷമിച്ചിരിക്കുകയായിരുന്നു. ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചിട്ട് മൂന്നു കൊല്ലമേ ആയിട്ടുള്ളു. അതിന് ഒരു അവസാനം അടുത്തെങ്ങും ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഐക്യരാഷ്ട്രങ്ങൾ ഇടപെട്ടുകമൂലം യുദ്ധം കൂടുതൽ ആപല്ക്കരമായിരിക്കുകയാണ്. രാഷ്ട്രങ്ങൾ തമ്മിൽ ശത്രുത വർദ്ധിക്കുകയും തദ്വാരാ രക്തച്ചൊരിച്ചിലിന് കാരണമാവുകയും ചെയ്യും. ഇന്ന് അഖിലലോകവ്യാപകമായിരിക്കുന്ന നിരീശ്വരനിർമ്മതപ്രസ്ഥാനങ്ങൾ ജന്മമെടുത്തും തുടങ്ങി. വിപ്ലവംകൊണ്ടു മാത്രമേ ലോകസമാധാനം കരഗതമാകയുള്ളു എന്ന ഒരു വിചാരം മനുഷ്യനിൽ കടന്നുകൂടിക്കഴിഞ്ഞു. ആശങ്കാജനകമായ ഈ സ്ഥിതിഗതികൾ കണ്ടു സങ്കടസാഗരത്തിൽ മുഴുകിയിരുന്ന അന്നത്തെ മാർപ്പാപ്പാ പതിനഞ്ചാം ബനദിക്താസ് തിരുമനസ്സുകൊണ്ട് പ. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുവാൻ കത്തോലിക്കാലോകത്തെ ഉദ്ബോധിപ്പിച്ചുകഴിഞ്ഞു. ഈ സന്ദർഭത്തിലാണ് നമ്മുടെ അമ്മ ഫാത്തിമായിൽ ലൂസി, ജസീന്താ, ഫ്രാൻസിസ്കോ എന്ന കുട്ടികൾവഴി 1917 മേയ് 13-ാം തീയതി തുടങ്ങി ഒക്ടോബർ

13-ാം തിയതി വരെ ഉണ്ടായ ആറ ദിവ്യ ദർശനങ്ങൾമൂലം ഈ സന്ദേശം ലോകത്തിനു പ്രദാനം ചെയ്തത്.

ഇതു് ഇന്നു് ആദ്യമായിട്ടല്ല. ലോകാരംഭം മുതൽ ഏതെല്ലാം കാലങ്ങളിൽ മനുഷ്യവംശം അധഃപതിച്ചിട്ടുണ്ടോ അന്നെല്ലാം, അതിനെ സമുദ്ധരിക്കുന്നതിനുവേണ്ടി, വരുവാൻപോകുന്ന വിപത്തിനെ കാലേകൂട്ടിക്കാണുന്ന സർവ്വജ്ഞനായ ദൈവം നേരിട്ടോ, വിശുദ്ധന്മാർവഴിയോ, എന്താണു് കരണീയം എന്നു് തൻെറ പ്രിയമക്കളെ അറിക്കാറുണ്ടു്. പുത്രവാത്സല്യാതിരേകത്താൽ, മാതാവുതന്നെ ഈ ദൈവിക സന്ദേശങ്ങളെ പലപ്രാവശ്യം ലോകത്തെ അറിയിച്ചിട്ടുണ്ടു്. 1917-ൽ ഫാത്തിമായിലും, 1946-ൽ ജർമ്മനിയിലും ഈ അടുത്ത കാലത്തു്-'48-ൽ ഫിലിപ്പൈൻസിലുള്ള ലീപ്പായിലും പ്രത്യക്ഷയായി അവളുടെ ആഗ്രഹങ്ങൾ വെളിപ്പെടുത്തിയതു് ഇതിനു് ഉദാഹരണങ്ങളാണു്.

ഫാത്തിമാ സന്ദേശം

ഇന്നത്തെ ലോകം ആദ്ധ്യാത്മികമായി വളരെ അധഃപതിച്ചിരിക്കുകയാണു്. അതുതന്നെയാണു് സമാധാനമില്ലായ്മയുടെ കാരണവും. അക്രമവും അനീതിയും എവിടെയും നടമാടുന്നു. ഇനിയും ഒരു ലോകമഹായുദ്ധം അനതിവിദൂരമായ ഭാവിയിൽ പൊട്ടിപുറപ്പെടുവാൻ പോകുന്നു. ജനങ്ങൾ സമാധാനത്തിനായി വെമ്പൽകൊള്ളുന്നു. ഈ അവസരത്തിൽ ഫാത്തിമായിലെ സന്ദേശം മാത്രമാണു് അവരുടെ ആശാസങ്കേതം. മനുഷ്യമനസ്സിൽ ആ സന്ദേശത്തിൻെറ ഓർമ്മ കൂടുതൽ ദൃഢമൂലമാക്കുന്നതിനും ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള മനുഷ്യരിൽ ഒരു ആദ്ധ്യാത്മികചൈതന്യം അങ്കുരിപ്പിക്കുന്നതിനുമായി ആ കന്യക തൻെറ ദൌത്യവുമേന്തി ഒരു ആഗോളപര്യടനം നടത്തിക്കൊണ്ടിരിക്കുകയാണു്. ഗംഭീരസ്വീകരണങ്ങൾ എവിടെയും അവൾക്കു ലഭിക്കുന്നുണ്ടു്. കേരളക്കരയിൽ എവിടെയും അവൾക്കു നൽകിയ രാജോചിതമായ വമ്പിച്ച സ്വീകരണങ്ങളിൽ ആ അമ്മയുടെ പ്രിയമക്കളായ നമുക്കു് ന്യായമായി അഭിമാനംകൊള്ളുകയും സന്തോഷിക്കയും ചെയ്യാം. എന്നാൽ ആ സന്ദേശം ഇനിയും ജനങ്ങൾ മനസ്സിലാക്കിയോ? ഇല്ലെങ്കിൽ ആ ചുമതല ഇനിയും നമ്മിൽ സ്ഥിതിചെയ്യുന്നു. എന്താണു് ആ സന്ദേശം?

അധഃപതനത്തിൻെറ അടിത്തട്ടിൽക്കിടന്നു് നട്ടംതിരിഞ്ഞു് നാരകീയദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യകുലത്തെ സമുദ്ധരിക്കുന്നതിനുവേണ്ടി, ലോകത്തിനു് നഷ്ടപ്പെട്ടുപോയ സമാധാനവും സന്തുഷ്ടിയും വീണ്ടെടുക്കുന്നതിനുവേണ്ടി, മനുഷ്യർ അവരുടെ പാപങ്ങളെക്കുറിച്ചു പൂർണ്ണമായി മനസ്താപപ്പെട്ടു ദൈവത്തോടു മാപ്പപേക്ഷിച്ചശേഷം, അവിടുത്തെ ഇഷ്ടത്തിനൊത്തവണ്ണം ജീവിക്കുന്നതിനായി ഒരു ജീവിതപരിവർത്തനം നടത്തണമെന്നു് അവൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഇതുമാത്രമേ ഇനി മനുഷ്യനു് നന്മവരുത്തുവാൻ തക്കതായിട്ടുള്ളു. ഇതിനായി ആ നല്ല അമ്മ തന്നെ നിർദ്ദേശിച്ചുതരുന്ന മാർഗ്ഗങ്ങൾ പ്രധാനമായി മൂന്നാണു്- പ്രായശ്ചിത്തം, പ്രാർത്ഥന, പ. മറിയത്തിൻെറ അമലോത്ഭവഹൃദയത്തോടുള്ള ഭക്തിപ്രചരണം.

പ്രായശ്ചിത്തം

ഫാത്തിമായിൽ പ്രത്യക്ഷയായി ലോകസമാധാനത്തിനായി ഉപദേശിച്ചുതന്ന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടതു് പ്രായശ്ചിത്തം ആണു്. ആധുനികലോകത്തിൽനിന്നു് അകന്നു് അകന്നു് പോകുന്ന ഒന്നാണു് പ്രായശ്ചിത്തം. സ്വാർത്ഥമാണു് ഇന്നത്തെ ലോകത്തെ നിയന്ത്രിക്കുന്നതു്. സുഖാനുഭോഗങ്ങളിൽ മുഴുകി, എത്രതന്നെ അനുഭവിച്ചിട്ടും മതിവരാതെ, കൂടുതൽ കൂടുതലായുള്ള സുഖസൗകര്യാദികൾക്കായി, പുതിയപുതിയ കണ്ടുപിടുത്തങ്ങൾക്കായി, യത്നിച്ചുകൊണ്ടിരിക്കുകയാണു് മനുഷ്യൻ. ദുരാശകളേയും

ദുർമ്മോഹങ്ങളേയും നിയന്ത്രിക്കുന്നതിനു പകരം യഥേഷ്ടം വിഹരിക്കുന്നതിനു് അനുവദിച്ചിരിക്കുന്ന കാലമാണിതു്. ഇതിനൊരു അറുതി വരേണ്ടിയിരിക്കുന്നു. പ്രായശ്ചിത്തത്തിന്റെ മാഹാത്മ്യം ലോകം മനസ്സിലാക്കി പ്രവർത്തിക്കേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു. ഇന്നത്തെ ലോകം പുച്ഛരസത്തോടുകൂടി വീക്ഷിക്കുന്ന പ്രായശ്ചിത്തത്തിന്റെ മാഹാത്മ്യം എത്രമാത്രമെന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. ഏതൊരു മതത്തിന്റെയും മൂലതത്വങ്ങളിൽ ഇതിനു് ഒരു പ്രത്യേക സ്ഥാനം നല്കിയിരിക്കുന്നതായി കാണാം.

ദിവ്യജനനിയുടെ ആഗ്രഹം നിറവേററുന്നതിനായി നാം മുള്ളരഞ്ഞാണങ്ങൾ ധരിക്കുകയോ, ചമ്മട്ടികളാൽ ശരീരത്തെ പീഡിപ്പിക്കുകയോ ചെയ്യണമെന്നില്ല. നാമേവരിൽനിന്നും ഇതു് അവൾ ആവശ്യപ്പെടുന്നുമില്ല. ആയതുകൊണ്ടാണല്ലോ കഠിനതപസ്സുകൾ ചെയ്തു് പാപപരിഹാരം നേടുന്നതിനായി നിശ്ചയിച്ചു് പുറപ്പെട്ട ആ മൂന്നു കുട്ടികളേയും അവൾ തടഞ്ഞതു്. നമ്മുടെ അനുദിന ജീവിതത്തിൽ ഉണ്ടാകുന്ന സുഖദുഃഖങ്ങളെ നല്ല മനസ്സോടും, ദൈവതിരുമനസ്സോടുള്ള പൂർണ്ണ യോജിപ്പോടും, ത്യാഗത്തിന്റെ അരുചിയോടുംകൂടി സഹിക്കുന്നതിനേക്കാൾ വലിയ ഒരു പ്രായശ്ചിത്തം നമ്മിൽനിന്നു ദൈവം സാമാന്യേന ആഗ്രഹിക്കുന്നില്ല. ത്യാഗമാണല്ലോ സ്നേഹത്തിന്റെ മട്ടം. ആകയാൽ ഇത്തരം ത്യാഗങ്ങൾ വഴിയാണു് ദൈവസ്നേഹം നാം കാണിക്കേണ്ടതു്, അവിടുത്തെ പ്രീതി നാം സമ്പാദിക്കേണ്ടതു്.

## പ്രാർത്ഥന

അടുത്തതായി പ്രാർത്ഥനയാണു് നമ്മിൽനിന്നും ദൈവം ആഗ്രഹിക്കുന്നതു്. ദൈവാരാധനയുടെ ഒരു പ്രധാന ഘടകമാണു് പ്രാർത്ഥന. ദൈവവിരോധികളും അവിശ്വാസികളും എന്നും ഉണ്ടായിട്ടുണ്ടു്. എന്നാൽ ദൈവത്തേയും ദൈവത്തോടു ബന്ധപ്പെട്ടവരേയും നിർമ്മാർജ്ജനം ചെയ്യുന്നതിനു് ഇന്നത്തേതുപോലെ അഖിലലോകവ്യാപകവും സുസംഘടിതവുമായ ഒരു പരിശ്രമം ഉണ്ടായിട്ടില്ല. ദൈവകോപത്തെ ഉജ്ജ്വലിപ്പിക്കുന്നതു് ഇന്നത്തെ നിരീശ്വരത്വമാണു്. ആയതിനു ഒരു പ്രതിവിധിയാകട്ടെ പ്രാർത്ഥന ഒന്നുമാത്രമാണു്. പ്രാർത്ഥനയാൽ സാധിക്കാത്തതായി ലോകത്തിൽ ഒന്നും ഇല്ല. ഇംഗ്ലീഷിൽ ഒരു പഴമൊഴിയുണ്ടല്ലോ.

"There is no woe on earth which heaven can not heal."

അതിന്റെ ശക്തി വർണ്ണനാതീതമാണു്. ആംഗ്ലേയകവിപുംഗവനായ ടെനിസ്സൺ പറയുന്നതു്.

"More things are wrought by prayer
Than this world dreams of."

എന്നാണല്ലോ.

## ജപമാല

"പ്രാർത്ഥിക്കുക, വളരെ അധികം പ്രാർത്ഥിക്കുക. എന്തെന്നാൽ അനേകം ആത്മാക്കൾ തങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാൻ ആളില്ലായ്കമൂലം നരകത്തിൽ പോകുന്നു" എന്നിപ്രകാരമാണു് ദിവ്യജനനി നമ്മെ ഉപദേശിക്കുന്നതു്. തന്റെ ഓമനസുതൻ അവസാനരക്തത്തുള്ളിവരെ ചിന്തി മാനുഷമക്കൾക്കായി വാങ്ങിച്ചുകൊടുത്ത ആ സ്വർഗ്ഗീയ അവകാശം നഷ്ടപ്പെടുത്തുന്നതു് ഇനിയും കണ്ടുനില്ക്കുവാൻ ആ മാതൃഹൃദയത്തിനു് ശക്തിപോരാ. എപ്രകാരമാണു് പ്രാർത്ഥിക്കേണ്ടതു് എന്നു പറഞ്ഞുതരുവാൻ അവൾ അത്തരുണത്തിൽ വിസ്മരിച്ചില്ല. ജപമാല ചൊല്ലുക എന്നതു് ഒരു ഉത്തമ പ്രാർത്ഥനയായി, അവൾക്കേററം പ്രിയമുള്ളതായി, കാണിച്ചുതന്നു. ആയതിനായി അവൾ നമ്മോടു ആവശ്യപ്പെടുകയും ചെയ്യുന്നു. ഫാത്തിമായിലെ സന്ദർശനവേളയിൽ ജപമാലയേന്തി കൂപ്പുകൈകളോടുകൂടി പ്രാർത്ഥനാനിരതയായിട്ടാണു് ആ ദിവ്യാംബിക കാണപ്പെട്ടതു് എന്ന വസ്തുത ജപമാലയുടെ പ്രാധാന്യത്തെ കാണിച്ചുതരുന്നു. ഇതിനെല്ലാം ഉപരിയായി, ആ മോഹനാംഗി തന്നെ തന്നെ ലോകത്തിനു് പരിചയപ്പെടുത്തിയതു്

ഇപ്രകാരമാണ്. "ഞാൻ ജപമാലരാജ്ഞിയാകുന്നു" തിരുസ്സഭ പലപ്രാവശ്യം അത്യാപത്തുകളിൽനിന്ന് രക്ഷപ്രാപിച്ചതു് ഈ ജപമാലയുടെ സഹായത്താലാണ്. ചുരുക്കിപ്പറഞ്ഞാൽ ഈ ജപമാലയാണ് ഇന്നത്തെ ലോകത്തിന് ആശാസങ്കേതം.

### വിമലഹൃദയഭക്തി

അടുത്തതായി, തന്റെ വിമലഹൃദയത്തോടുള്ള ഭക്തി ലോകത്തിൽ പരന്നുകാണുവാൻ തന്റെ പ്രിയസുതൻ ആഗ്രഹിക്കുന്നു എന്നും ആയതിന് പ്രതിസമ്മാനമായി ദൈവം ലോകത്തിന് സമാധാനം പ്രദാനം ചെയ്യും എന്നും അവൾ നമ്മെ അറിയിക്കുകയുണ്ടായി. ഈ ഉദ്ബോധനത്തെ ആദരിച്ചാണല്ലോ 12-ാം പീയൂസ് മാർപ്പാപ്പാ 1942, ഒക്ടോബർ 13-ാം നു ലോകത്തെ ആ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചതു്. മരിയസംഖ്യതാംഗങ്ങളായ നമുക്കും നമ്മെത്തന്നെ പ്രത്യേകം പ്രത്യേകമായി ആ വിമലഹൃദയത്തിനു സമർപ്പിക്കുകയും അവളുടെ ആഗ്രഹാനുസരണം പ്രവർത്തിക്കുകയും ചെയ്യാം. അതു നമ്മുടെ കടമക്കൂടിയാണ്.

### ആദ്യശനിയാഴ്ചാചരണം

ദൈവകോപത്തെ ശമിപ്പിക്കുന്നതിനായി, അവിടത്തെ തിരുഹൃദയത്തിനും തന്റെ വിമലഹൃദയത്തിനും എതിരായി ചെയ്യപ്പെടുന്ന പാപങ്ങൾക്ക് പരിഹാരമായി, അഞ്ചു മാസാദ്യശനിയാഴ്ചകൾ ആടപ്പിച്ചു വി. കുർബ്ബാന സ്വീകരിക്കുന്നതിനും അവൾ ആഗ്രഹിക്കുന്നു. ഈ ഉപാധികൾ സ്വീകരിച്ചു സർവ്വശക്തനുമായി രമ്യപ്പെടാത്തപക്ഷം ലോകത്തിനു വരാവുന്ന ഭയങ്കരവിപത്തുകളെപ്പററിയും മാതാവു ഫാത്തിമാ സന്ദർശനവേളയിൽ പ്രസ്താവിക്കുകയുണ്ടായി.

ചുരുക്കത്തിൽ, പ്രാർത്ഥന പ്രായശ്ചിത്തം മുതലായ ഭക്തകൃത്യങ്ങൾ വഴിയായി, ദൈവത്തിനും അവിടത്തെ വിമലഹൃദയത്തിനും മനുഷ്യരുടെ പാപങ്ങൾ നിമിത്തം വന്നിരിക്കുന്ന നിന്ദാവമാനങ്ങൾക്ക് പരിഹാരം ചെയ്ത് ലോകസമാധാനം കൈവരിക്കുക എന്നതാണ് ആ മാതൃഹൃദയം തന്റെ പ്രിയമക്കൾക്ക് ഫാത്തിമായിൽവച്ചു നല്കിയ സന്ദേശം. നമ്മുടെ അമ്മയുടെ ഈ സന്ദേശം നമ്മുടെ മററു സഹോദരങ്ങളേയും അറിയിക്കുകയും ആയതിന്റെ പൂർത്തീകരണത്തിനായി പരിശ്രമിക്കുകയും ചെയ്യാം. എന്നാൽ "അവസാനം എന്റെ വിമലഹൃദയം വിജയിക്കും" എന്ന ദിവ്യജനനിയുടെ പ്രസ്താവന നാതിവിദൂരമായ ഭാവിയിൽ നിറവേറുകതന്നെ ചെയ്യും.

X

## Why Daily Communion ?

1. To get strength to keep down sensual passion.
2. To obtain pardon of daily venial sins.
3. To avoid falling into mortal sins.
4. To receive an increase of sanctifying grace.
5. To receive a pledge of eternal life.
6. To obtain pardon of any mortal sins of which you may not be conscious.
7. To obtain pardon of venial sins.
8. To obtain a diminution of the temporal punishment due to sin.
9. To be preserved from future sins.
10. To obtain blessing for self & for others.
11. To gain indulgences & help the souls in Purgatory.

# യുവയോഗി

റി. ജെ. വർഗീസ് III B.Com.



രക്തസാക്ഷിത്വമോ, അതികർക്കശമായ തപോനിഷ്ഠകളോ, ക്ലേശപൂർണ്ണമായ വേദപ്രചാരണനിർവ്വഹണമോ അസാധാരണങ്ങളായ സുകൃതാഭ്യാസങ്ങളോ കൂടാതെ ഏതൊരു സാധാരണക്കാരനും വിശുദ്ധപദം പ്രാപിക്കാമെന്ന് ആധുനികകാലത്ത് ജീവിച്ചിരുന്ന പല പുണ്യാത്മാക്കളുടേയും ജീവചരിത്രം നമ്മെ പഠിപ്പിക്കുന്നു. കേവലം ആശ്രമഭിത്തികൾക്കുള്ളിൽ ലോകത്തിനു അജ്ഞാതമായ ജീവിതം നയിച്ച ലിസ്യൂവിലെ വി. കൊച്ചുത്രേസ്യായും, അസ്സീസ്സിയിലെ വി. ഗബ്രിയേലും ഈ പരമാർത്ഥത്തെ തെളിയിക്കുന്നു. ബാല്യചാപല്യങ്ങൾക്കും, യുവസഹജമായ എല്ലാവിധ പ്രലോഭനങ്ങൾക്കും വശഗനായി ചുരുങ്ങിയ കാലംമാത്രം ഒരു സന്യാസാശ്രമത്തിൽ ജീവിച്ച് ഇരുപത്തിനാലാമത്തെ വയസ്സിൽ മരിച്ച്, വിശുദ്ധനെന്ന അത്യുന്നതസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ഒരു ധന്യാത്മാവാണ് വി. ഗബ്രിയേൽ പൊസ്സേന്തി.

വി. ഗബ്രിയേൽ 1838 മാർച്ചുമാസം 1-ാംനു ഇററലിയിലുള്ള അസ്സീസിഗ്രാമത്തിൽ ജനിച്ചു. പിതാവ് ഒരഭിഭാഷകശ്രേഷ്ഠനായിരുന്ന സിഞ്ഞോർ പൊസ്സേന്തിയും, മാതാവ് സിഞ്ഞോറാ ആഗ്നസ് പൊസ്സേന്തിയുമായിരുന്നു. സിഞ്ഞോർ പൊസ്സേന്തി ആ പ്രോവിൻസിലെ ഉയർന്ന ഒരു ഉദ്യോഗസ്ഥനായിരുന്നു.

അസ്സീസ്സിയിലെ വി. ഫ്രാൻസീസ് ജ്ഞാനസ്നാനം സ്വീകരിച്ച അതേ ദേവാലയത്തിൽവച്ചു തന്നെ കഥാപുരുഷനും മാമ്മോദീസാ നല്കപ്പെട്ടു. ഫ്രാൻസീസ് എന്നു നാമകരണവും ചെയ്തു.

ഫ്രാൻസീസിൻെറ മാതാവ് ഈശ്വരഭക്തയും പുത്രവത്സലയുമായ ഒരു തരുണീരത്നമായിരുന്നു. പക്ഷേ അവരുടെ കരപരിലാളനസുഖം അധികനാൾ അനുഭവിക്കുന്നതിനു അദ്ദേഹത്തിനു ഭാഗ്യമുണ്ടായില്ല. നമ്മുടെ ബാലന് നാലുവയസ്സുള്ളപ്പോൾ ആ മഹതി ഇഹലോകവാസംവെടിഞ്ഞു. പിന്നീട് പിതാവിൻെറയും പസഫിക്കാ എന്ന ഒരു പരിചാരികയുടെയും പ്രത്യേക മേൽനോട്ടത്തിലാണ് ഫ്രാൻസീസ് വളർന്നതു്.

ഫ്രാൻസീസിൻെറ ബാല്യകാലജീവിതം പിതാവിനും, സഹോദരീസഹോദരന്മാർക്കും ആശങ്കയ്ക്കുപോലും കാരണമായിത്തീരത്തക്കവിധം അനഭിലഷണീയമായിരുന്നു. ശൈശവം മുത

ൽതന്നെ പ്രാർത്ഥനാനിരതനായിരുന്ന വി. അലോഷ്യസിനോ, ബാലലീലകളിൽനിന്നെല്ലാം ഓടിയകന്ന വി. ജോൺ ബർക്കുമാൻസിനോ ഉണ്ടായിരുന്ന ഗുണവിശേഷങ്ങളുടെ ലേശംപോലും ഇല്ലാതിരുന്ന ഫ്രാൻസീസ് ഒരു വിശുദ്ധനായിത്തീരുമെന്ന് അന്ന് ആരുംവിചാരിച്ചില്ലെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ല പക്ഷേ സഹോദരസ്നേഹം, ദീനാനുകമ്പ എന്നീ ഗുണങ്ങൾ നമ്മുടെ ബാലനിൽ വേരൂന്നിയിരുന്നു. തന്റെ ഏതൊരു സന്തോഷത്തിലും സഹോദരന്മാരെയും പങ്കുകാരാക്കുകയെന്നത് അദ്ദേഹത്തിന്റെ വ്രതമായിരുന്നു. ഒരിക്കൽ തനിക്ക് സമ്മാനമായി ലഭിച്ച ഒരു പട്ടുടുപ്പ് അദ്ദേഹം തന്റെ വേലക്കാരന് ദാനംചെയ്തു. ചുരുക്കത്തിൽ, ബാലനായ ഫ്രാൻസീസ് ചുണയും, ചുറുചുറുപ്പും, ആത്മാർത്ഥതയും, ദീനാനുകമ്പയുമുള്ള ഒരു കുസൃതിക്കുട്ടനായിരുന്നുവെന്നു പറയാം.

മതപരമായ പാഠങ്ങളിലും പരിശീലനങ്ങളിലും കഥാനായകൻ അത്യുത്സുകനായിരുന്നു. ആറാമത്തെ വയസ്സിൽ പ്രഥമ ദിവ്യകാരുണ്യവും അതിന്റെ അടുത്തവർഷം സ്ഥിരീകരണത്തിന്റെ കൂദാശയും അദ്ദേഹം ഭക്തിപൂർവ്വം സ്വീകരിച്ചു.

തന്റെ പുത്രന് തികച്ചും മതാന്തരീക്ഷത്തിലുള്ള ഒരു വിദ്യാഭ്യാസമാണ് പിതാവ് നൽകിയത്. ഫിലിപ്പ് ഫാബ്രി എന്ന അദ്ധ്യാപകന്റെകീഴിൽ പ്രാഥമികപഠനവും, അടുത്തുണ്ടായിരുന്ന ഒരു സഹോദരസമൂഹം വക സ്കൂളിൽ സെക്കന്ററിവിദ്യാഭ്യാസവും പൂർത്തിയാക്കിയശേഷം, ഫ്രാൻസീസ്, സ്പൊലെറ്റോ (Spoleto) എന്ന സ്ഥലത്തുള്ള ജസ്യൂറ്റ് കോളജിൽ അഭ്യസനം തുടർന്നു. അദ്ധ്യയനവിഷയത്തിൽ ഇദ്ദേഹം അതിസമർത്ഥനായിരുന്നു.

അപകടസമ്പൂർണ്ണവും ആകർഷകവുമായ യൗവ്വനത്തിലേക്ക് കാലൂന്നിയതോടെ ഫ്രാൻസീസ് ബാലചാപല്യങ്ങളിൽനിന്നു വിമുക്തനായി. എങ്കിലും യുവത്വത്തിന്റെ ചേതോഹരമായ വിചാരങ്ങളും വികാരങ്ങളും അദ്ദേഹത്തിന്റെ

## A LETTER FROM SAINT GABRIEL POSSENTI

*My Dear Friend,*

You are correct in saying that the world is filled with hindrances to a holy life, and that it is quite difficult to save one's soul in it. Still you must not become discouraged, because even in the world it is not impossible to become a saint.

Dear Friend, if you really love your soul, shun evil **companions and avoid the theatre.** I know from personal experience how hard it is to frequent such places and not to be exposed to danger. Avoid also parties and frivolous books. I assure you that it seems quite certain to me now, that had I remained in the world, I would not have saved my soul. Tell me, could any one have indulged in more amusements than I did? And what is the result? Only bitterness and fear."

*Yours, Gabriel Possenti.*

ഭാവനയിൽക്കൂടി ചിറകടിച്ചു പറന്നുപോയി. സർവ്വസംഗപരിത്യാഗിയായ ഒരു യോഗിയായി ജീവിക്കുവാനെന്നതിനേക്കാൾ, ദാമ്പത്യജീവിതത്തിൻെറ സാന്ദ്രസുന്ദരമായ ശീതളഛായയിൽ സ്വച്ഛന്ദം വിഹരിക്കുവാൻ അദ്ദേഹം അഭിലഷിച്ചു. സന്മാർഗ്ഗജീവിതത്തെ താറുമാറാക്കുന്ന എല്ലാ തുറകളിലുംകൂടി അദ്ദേഹം ത്വരിതഗമനം ചെയ്യുകയായിരുന്നു. പക്ഷേ ദൈവപരിപാലനയുടെ പ്രത്യക്ഷപ്രകടനമെന്നവണ്ണം, മനസ്സിനേയും ആത്മാവിനേയും നിഷ്കളങ്കമായി സൂക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഇക്കാലത്തു് മരണകരമായ ഒരു രോഗം ഫ്രാൻസീസിനെ ബാധിച്ചു. അതിൽനിന്നു് രക്ഷപ്പെടുന്നപക്ഷം താൻ വൈദികവൃത്തി സ്വീകരിക്കുന്നതാണെന്നു് അദ്ദേഹം ദൃഢനിശ്ചയംചെയ്തു. എന്നാൽ വീണ്ടും രോഗപീഡിതനാകുന്നതുവരെ തൻെറ വ്രതത്തെപ്പററി അദ്ദേഹം സ്മരിച്ചതേയില്ല. രണ്ടാമത്തെ രോഗശമനത്തിനുശേഷം ഒരു സന്യാസാശ്രമത്തിൽ പ്രവേശനത്തിനു് അനുവാദമപേക്ഷിച്ചുകൊണ്ടു് അദ്ദേഹം പ്രത്യക്ഷനായി. പക്ഷേ ഇത്തവണയും ഏതോ അജ്ഞാതമായ കാരണത്താൽ വിശുദ്ധൻ മുൻനിശ്ചയത്തിൽനിന്നു പിന്മാറുകയാണുണ്ടായതു്. ഈയിടക്കാണു് പുണ്യവാൻെറ ജീവിതത്തെ എന്നന്നേക്കുമായി ദൈവത്തിനു് കാഴ്ചവയ്ക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ഒരു സംഭവം നടന്നതു്. സമീപപ്രദേശങ്ങളിലെല്ലാം പടർന്നുപിടിച്ച പകർച്ചവ്യാധിക്കു് ഒരു ശമനംവരുത്തുവാനായി വ്യാകുലമാതാവിൻെറ ഒരു സ്വരൂപം അദ്ദേഹത്തിൻെറ ഗ്രാമത്തിൽക്കൂടി ആഘോഷപൂർവ്വം പ്രദക്ഷിണം വയ്ക്കുകയായിരുന്നു. പെട്ടെന്നു ഫ്രാൻസീസിൻെറ ദൃഷ്ടി ആ സ്വരൂപത്തിൽ പതിഞ്ഞു അതു തന്നെ നോക്കുന്നതായി—തന്നോടു് സംസാരിക്കുന്നതായി അദ്ദേഹത്തിനുതോന്നി. അദ്ദേഹം ഭക്തിപരവശനായി നിന്നുപോയി. ഏതോ പ്രധാനമായ ഒരു തീരുമാനവും ചെയ്തിട്ടാണു് ഫ്രാൻസീസ് അന്നു വീട്ടിലേക്കു മടങ്ങിയതു്.

ഫ്രാൻസീസിനു് സന്യാസസഭയിൽ ചേരുന്നതിനു് പിതാവിൻെറ അനുവാദം ലഭിച്ചു. അന്നു് കോളേജിലെ വാർഷികാഘോഷദിവസമായിരുന്നു. അതിലെല്ലാം അദ്ദേഹം സജീവമായി പങ്കെടുത്തു. ഫിലോസഫിക്കുള്ള മെഡൽ അദ്ദേഹം കരസ്ഥമാക്കി. സ്വഭവനത്തിൽ മടങ്ങിയെത്തിയ ഫ്രാൻസീസ് യാത്രക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തു. തൻെറ മുറിയിലെ വലിയ കണ്ണാടിയിൽക്കൂടി സ്വന്തം ആകാരസുഷമ കണ്ടു് ഒരിക്കൽക്കൂടി അദ്ദേഹം ആനന്ദിച്ചു. താൻചാടിക്കളിച്ചു നടന്ന ഭവനത്തോടും വീഥികളോടുംമററും മൗനാനുവാദം ചോദിച്ചു. പിറേറന്നു രാവിലെ പിതാവിനോടും സഹോദരീസഹോദരന്മാരോടും, വഞ്ചനയും കാപട്യവുംനിറഞ്ഞ ഈ ലോകത്തോടും അദ്ദേഹം യാത്രപറഞ്ഞു പിരിഞ്ഞു.

മൊറേവെൻ എന്ന സ്ഥലത്തുള്ള ആശ്രമത്തിലാണു് അദ്ദേഹം ചേർന്നതു്. 1856 സെപ്തംബർ 21-ാംനു- അദ്ദേഹം സഭാവസ്ത്രം സ്വീകരിച്ചു. മിനുമിനുത്ത പട്ടുവസ്ത്രങ്ങൾ ഉരിഞ്ഞുമാററി പകരം പ്രായശ്ചിത്തത്തിൻെറയും പരിത്യാഗത്തിൻെറയും അനുസരണയുടെയും ചിഹ്നങ്ങളായ പരുപരുത്ത കുപ്പായവും, മരക്കുരിശും, തുകൽവാറും അദ്ദേഹം ധരിച്ചു. വ്യാകുലമാതാവിൻെറ ഗബ്രിയേൽ എന്ന നാമമാണു് സഭാധികാരികൾ അദ്ദേഹത്തിനു് അവിടെ നൽകിയതു്. ഒരുവൻെറ യഥാർത്ഥ സൗഭാഗ്യം സ്ഥിതിചെയ്യുന്നതു് ആദർശങ്ങളുടെ സാക്ഷാത്ക്കാരത്തിലാണെങ്കിൽ ഫ്രാൻസീസ് അതിനു തികച്ചും അർഹനായിരുന്നു.

പുണ്യപുരുഷൻ തൻെറ നൊവിഷ്യററു കാലം ആത്മസമാധാനത്തോടും, സംതൃപ്തിയോടുംകൂടി കഴിച്ചുകൂട്ടി. ഉപവാസവും പ്രായശ്ചിത്തവും ശരീരത്തെ ബലഹീനമാക്കിയെങ്കിലും അവ ആത്മാവിനു സ്ഥൈര്യംനൽകി. നോബട്ടു് എന്ന വൈദികൻെറ സഹകരണത്തിലും സഹായത്തിലും, പുണ്യപൂർണ്ണതയിലേക്കു് ഫ്രാൻസീസ് പുരോഗമിച്ചു. പിവേറാറിനാ (Pievetorina) എന്ന സ്ഥലത്തുള്ള ആശ്രമ

ത്തിലാണ് ഫ്രാൻസീസ് തന്റെ ശേഷിച്ച ജീവിതകാലം കഴിച്ചുകൂട്ടിയതു്. അദ്ദേഹം സദാ പ്രസന്നവദനനായി കാണപ്പെട്ടു. എല്ലാവരോടും സൗഹാർദ്ദമായും സൗമനസ്യത്തോടുംകൂടി ജീവിക്കുന്നതിനുള്ള പ്രത്യേക വാസന വിശുദ്ധനുണ്ടായിരുന്നു. പ്രലോഭനങ്ങളിൽനിന്നു ഓടിയകലുവാൻ പുണ്യവാൻ സദാ ശ്രമിച്ചിരുന്നു. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കാംക്കുവേണ്ടി അദ്ദേഹം വളരെയധികം പ്രാർത്ഥിക്കുകയും പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്തിരുന്നതായി ഫാദർ നോബർട്ട് പ്രസ്താവിക്കുന്നുണ്ട്. പക്ഷിമൃഗാദികളും നിർജ്ജീവവസ്തുക്കാംപോലും അദ്ദേഹത്തിന്റെ അനുകമ്പയ്ക്കു് പാത്രീഭവിച്ചിരുന്നു.

ഗബ്രിയേലിൽ എന്തെങ്കിലും പ്രത്യേകത നാം ദർശിക്കുന്നുണ്ടെങ്കിൽ അതു് അദ്ദേഹത്തിന്റെ മരിയഭക്തി മാത്രമായിരുന്നു. വ്യാകുലമാതാവിന്റെ നാമത്തിൽ ആരു് എന്തു് ആവശ്യപ്പെട്ടാലും തന്നാൽ കഴിയുന്നതും അതിൽ കൂടുതലും ചെയ്യുക എന്നതും അദ്ദേഹം വ്രതമായി സ്വീകരിച്ചിരുന്നു. പരിശുദ്ധ കന്യാസ്ത്രീമറിയത്തിന്റെ നല്ല പടങ്ങളും കൊത്തുരൂപങ്ങളും കാണുന്നതുതന്നെ പുണ്യവാനു് വളരെ ആനന്ദപ്രദമായിരുന്നു.

ഗബ്രിയേലിന്റെ ജീവിതത്തിൽ യാതൊരസാധാരണത്വവും നാം കാണുന്നില്ല. സഭാനിയമങ്ങളോടും അധികാരികളോടുമുള്ള ആദരവും കീഴ്‌വഴക്കവും മരിയഭക്തിയുമൊഴിച്ചാൽ അദ്ദേഹം ഒരു സാധാരണക്കാരനായിരുന്നു. "ലോകം പ്രതീക്ഷിക്കുന്നതിൽ കൂടുതൽ കാര്യങ്ങൾ പ്രാർത്ഥനവഴിയായി നേടാം" ഇതാണ് ആ ജീവിതത്തിൽനിന്നു നാം മനസ്സിലാക്കുന്നതു്.

മഹനീയവും ദിവ്യവുമായ പൗരോഹിത്യപദവിയിലേക്കു ഗബ്രിയേലിനെ അവരോധിക്കുവാൻവേണ്ട ശ്രമങ്ങൾ നടന്നു. പക്ഷെ നിർഭാഗ്യമെന്നുപറയട്ടെ ഇററലിയിൽ അന്നുണ്ടായ ചില രാഷ്ട്രീയ കുഴപ്പങ്ങൾ നിമിത്തം ആ പാവനകർമ്മം നടന്നില്ല. നിരാശാവിവശനായ പുണ്യവാൻ ദൈവത്തിൽത്തന്നെ അഭയംപ്രാപിച്ചു.

1857-ൽ നമ്മുടെ സന്യാസി രോഗബാധിതനായിത്തീർന്നു. അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ചു 1862 ഫെബ്രുവരി 27-ാം തീയതി രാവിലെ അദ്ദേഹത്തിന്റെ ആത്മാവ് അനശ്വരമായ മുക്തിയെപ്രാപിച്ചു.

1908 മേയ് 31-ാംതീയതി പത്താംപീയൂസ് മാർപ്പാപ്പാ ഗബ്രിയേലിനെ വാഴ്ത്തപ്പെട്ടവനെന്നു വിളിച്ചു. 1920 മേയ് 13-ാംതീയതി പതിനഞ്ചാംബനഡിക്റ്റ മാർപ്പാപ്പാ അദ്ദേഹത്തെ വിശുദ്ധനെന്ന അത്യുന്നതസ്ഥാനത്തേക്കു ഉയർത്തി. തന്റെ നാമത്തിൽ പല അത്ഭുതങ്ങളും സംഭവിക്കുന്നതിനുള്ള പ്രത്യേക ദൈവാനുഗ്രഹവും അദ്ദേഹത്തിനുലഭിച്ചു. പതിമൂന്നാംലെയോ മാർപ്പാപ്പാ ഈ വിശുദ്ധനെ യുവാക്കന്മാരുടെ സംരക്ഷകനായി തിരഞ്ഞെടുക്കുകയുണ്ടായി.

പ്രലോഭനങ്ങളിലും അബദ്ധവിശ്വാസത്തിലും ആണ്ടുകിടക്കുന്ന യുവലോകത്തിനു ഒരു മാർഗ്ഗദർശിയാണ് ഗബ്രിയേൽ. അശ്ലീലമായ സിനിമാപ്രദർശനങ്ങളിലും, അബദ്ധജടിലവും, വിപ്ലവാത്മകവും, സന്മാർഗ്ഗവിരുദ്ധവുമായ പുസ്തകങ്ങളിലും മുഴുകി, അബദ്ധാദർശങ്ങളുടെ പുറകേ ഓടുന്ന ഇന്നത്തെ യുവാക്കളുടെ സംരക്ഷകനാണ് വി. ഗബ്രിയേൽ. അസാധാരണ സുകൃതാഭ്യാസംകൂടാതെതന്നെ ഏതൊരാൾക്കും പുണ്യപരിപൂർണ്ണത പ്രാപിക്കാമെന്നു് ഈ യുവയോഗിയുടെ ചരിത്രം ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു.

# GOOD WILL

T. C. ANTONY B. Sc. (OLD SODALIST)

In these days of modernism, every one tries hard for unity. But unhappily unity is greater and deeper among the forces of evil than among the forces of good and therefore to avoid the greatest common danger, there must be unity among men of good will.

But what kind of unity is necessary and essential at present? Shall it be a unity for religious purposes or shall it be a unity for social purposes? Absolutely not the first, for we know well that as there is only one truth to light a heaven and as there is only one sun to light a world, so there is only one church to light man-kind. The unity then we require is that unity which is possible among men of good will, the unity for social purposes on the basis of moral principles necessary to guide the political, economic and social life of our times.

Anybody and everybody can unite for the preservation of the moral law, in the political and international order, such as defence of private property, for equality to all races, colours and classes, for the betterment of working conditions, for freedom of conscience and for a peace based on justice. Nobody can excuse himself from achieving this unity on the ground that politicians are rotten, or the communists are strong and terrible, or that capitalists are incurably selfish. Unless every one strives hard for this unity, the day of doom is not far away. So it is the sacred duty of every citizen to cultivate that peace with his fellow-citizens without which neither social order, nor civil prosperity can be achieved. Let not any one excuse himself from the duty of uniting with men of good will towards the renewal of society in spirit and in truth.

But in vain will we seek this unity until we shirk off our indifference to truth, until we recognize the dignity of human nature as such, created by a loving God and destined for an ineffable union of love with Him. Then only we will find an adequate basis for loving one another and love alone shall be the basis of our unity.

Therefore, Men of good will, be united, for society, in abandoning the rule of conscience, is on the verge of suicide. Men of good will, be united, for the tension between the forces of good and evil is very strong. Men of good will, unite, march and strike together for the moral betterment of the world.

---

**"DAILY COMMUNION IS THE NORMAL DIET OF A CATHOLIC".**

# അൾത്താരയിലെ കുസുമങ്ങളോട്

കെ. വി. തോമസ്സ്

നാകാധിനായകനേശുമഹേശ്വരൻ
ശോകവിനാശകൻ പള്ളികൊള്ളും
സക്രാരി മോടിപിടിപ്പിക്കും പൂക്കളേ!
നിങ്ങൾതൻ ജീവിതമെത്ര കാമ്യം.

പാഴ്ച്ചെടിയേതിലോ മൊട്ടിട്ട നിങ്ങൾക്കീ—
പാപവിഹീനതൃപ്പാദപത്മം
പുൽകുവാനൊക്കുമെന്നാരും നിനച്ചില്ല
പൂക്കളേ, നിങ്ങൾ കൃതാർത്ഥരായി.
കൈവല്യമൂർത്തിയെ കൈക്കൂപ്പിവാഴ്ത്തിയീ
ജീവിതസാഫല്യം തേടുനിങ്ങൾ
ആന്തരിൽ കാരുണ്യം തൂകുന്ന സർവ്വേശ-
പുത്രതൃപ്പാദം നമിപ്പിൻ നിങ്ങൾ
തൃപ്പാദപൂജപോലുന്നതസേവനം
ഇപ്പാരിൽ വേറെയൊന്നില്ലന്നൂനം
സൗഭാഗ്യാരാമസൂനങ്ങളെ നിങ്ങളീ—
നിർഭാഗ്യത്തോടു ചേർന്നാലപിക്കൂ.
ആനന്ദഗീതങ്ങൾ അഞ്ജലീബദ്ധരായ്
ആമയമെല്ലാമകററിടുവാൻ
അന്തമില്ലാത്തുള്ള വാനവവൃന്ദങ്ങൾ
സന്തതം പാടിപ്പുകഴ്ത്തുമീശൻ
നിസ്തുല സ്നേഹസന്ദേശങ്ങൾ നൽകുമാ—
സത്യസ്വരൂപനാശിസ്സരുളും
വീതാഘചിത്തനായെത്തിയാലെന്നിലും
പ്രീതനായ്ത്തീരുമാ ഭക്തദാസൻ
ആരോമൽപ്പൂക്കളേ! നിങ്ങളിലൊന്നായി
ത്തീരുവാൻ വെമ്പൽകൊള്ളുന്നു ഞാനും.

# 1946 –Sodalists—1947 *



62 K. S. Devassia *Prefect*
62 C. V. Jose *Secretary*
63 K. J. Thomas B. A.
64 P. V. Mathew
65 G. M. Devassia
66 P. A. Joseph
67 V. V. Sebastain
68 (Rev.) M. C. Joseph
69 K. T. Antony
70 M. J. Antony
71 (Rev.) N. J. Mathew
72 P. K. Devassia
73 C. M. Thomas B. Com.
74 P. M. Thomas
75 M. M. Mathew
76 N. A. Abraham
77 K. J. Joseph
78 M. T. Chacko, B. A.
79 C. V. Chacko B. Com.
80 A. V. Varghese, B. A.
81 N. J. Mathew, B. Com.
82 P. V. Antony, B. A.
83 T. J. Jacob
84 T. M. Antony
85 N. M. Scaria
86 P. J. Varkey
87 K. M. Mathew
88 A. O. Thomas
89 V. V. Varkey
90 T. K. Ukkuru
91 Jose, Thoppil
92 (Rev.) P. K. George
93 E. T. Varkey
94 V. M. Thomas
95 T. C. Antony
96 K. V. Kuriakose
97 M. T. Tharian B. A.
98 Jose, Vazhappilly B. Com.

* Names of Junior students of the previous year, are omitted.

# ക്രൈസ്തവാദർശം

കെ. ററി. ആൻറണി, സീനിയർ ബി. എസ്സ്സി.

